ദേശാഭിമാനി

19 July 2025

■ മറൈൻ ഫിഷറീസ് സെൻസസ്

# രാജ്യവ്യാപക മത്സ്യഗ്രാമ വിവരസ്ഥിരീകരണം തുടങ്ങി

**കൊച്ചി**

അഞ്ചാമത് മറൈൻ ഫിഷറീസ് സെൻസസിന്റെ ഭാഗമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമായ സിഎംഎഫ്ആർഐ വിവരസ്ഥിരീകരണം ആരംഭിച്ചു. മത്സ്യഗ്രാമങ്ങളുടെ പുതുക്കിയ വിവരം ശേഖരിച്ച് നവംബർ, ഡിസംബർ മാസങ്ങളിൽ സമഗ്രമായ ഗാർഹികതല കണക്കെടുപ്പ് നടത്തും. സിഎംഎഫ്ആർഐ വികസിപ്പിച്ച 'വ്യാസ്നാവ്' എന്ന പ്രത്യേക ഓൺലൈൻ സംവിധാനമാണ് ഇതിനായി ഉപയോഗിക്കുന്നത്. പ്രധാനമന്ത്രി മത്സ്യസമ്പദ് യോജനയ്ക്കുകീഴിലാണ് മറൈൻ സെൻസസ് നടക്കുന്നത്.

സിഎംഎഫ്ആർഐ, ഫിഷറീസ് സർവേ ഓഫ് ഇന്ത്യ എന്നിവയിലെ നൂറിൽപ്പരം ഉദ്യോഗസ്ഥർ രാജ്യത്തെ മുഴുവൻ സമുദ്രമത്സ്യഗ്രാമങ്ങളും സന്ദർശിച്ച് മുൻകാല ഡാറ്റ നിലവിലേതുമായി താരതമ്യം ചെയ്യും. ഗ്രാമങ്ങളുടെ അതിർത്തി ജിയോടാഗ് ചെയ്ത് ഗാർഹികതല കണക്കെടുപ്പിന് പുതുക്കിയ വിവരങ്ങളുടെ രൂപരേഖ തയ്യാറാക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ഫിഷറീസ് വകുപ്പ് എന്നിവയുമായി സഹകരിച്ചാണ് രണ്ടാഴ്ചനീളുന്ന വിവരസ്ഥിരീകരണം നടക്കുന്നത്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് നവംബറിൽ ആരംഭിക്കുന്ന പ്രധാന സെൻസസിന് ക്രമീകരണങ്ങൾ ഒരുക്കുക. ശേഖരിക്കുന്ന വിവരങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ ഓൺലൈൻ സംവിധാനവും പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി ജില്ല, സംസ്ഥാനതലങ്ങളിൽ പ്രത്യേക നിരീക്ഷണ സംവിധാനവും ഒരുക്കിയിട്ടുണ്ട്. വിവരസ്ഥിരീകരണത്തിനൊപ്പം പ്രധാന സെൻസസ് പ്രവർത്തനങ്ങൾക്കുള്ള പ്രാദേശിക എന്യൂമറേറ്റർമാരെ കണ്ടെത്തുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു.

മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, സാമൂഹിക സാമ്പത്തിക നിലവാരം, ജീവനോപാധികൾ എന്നിവയെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ ശേഖരിക്കുകയാണ് മറൈൻ സെൻസസിന്റെ ലക്ഷ്യം.